ജപ്പാൻ കൂടിവെള്ളപദ്ധതിക്കുള്ള പൈപ്പുകൾ

70 [3324] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:*

„ *വി. കെ. ചന്ദ്രൻ:*

„ *എം. വി. ഗോവിന്ദൻ മാസ്റ്റർ:*

„ *രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിക്ക് പൈപ്പ് സപ്ലൈ ചെയ്യുന്നതിന് ഗവൺമെന്റ് ആദ്യം പുറപ്പെടുവിച്ച വ്യവസ്ഥകളും പിന്നീട് ഭേദഗതി ചെയ്ത വ്യവസ്ഥകളും വിശദമാക്കാമോ;

(ബി) ഭേദഗതി ചെയ്ത വ്യവസ്ഥകൾ അനുസരിച്ച് ഇന്ത്യയിലെ എത്ര കമ്പനികൾക്ക് ഈ ടെണ്ടറിൽ പങ്കെടുക്കാൻ യോഗ്യതയുണ്ട്; അവയുടെ പേര് വെളിപ്പെടുത്തുമോ;

(സി) കിൻഫ്ര (KINFRA) യുടെ മലപ്പുറത്തെ പദ്ധതിക്ക് ഡി. ഐ. പൈപ്പ് വാങ്ങുന്നതിനുവേണ്ടി സ്വീകരിച്ച ടെണ്ടർ വ്യവസ്ഥകൾ എന്തുകൊണ്ടാണ് കേരള വാട്ടർ അതോറിറ്റിക്ക് അസ്വീകാര്യമായത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഭേദഗതിചെയ്ത വ്യവസ്ഥകൾ അനുസരിച്ച് ടെണ്ടർ വിളിക്കുമ്പോൾ സംസ്ഥാനത്തിന് സാമ്പത്തികനഷ്ടം ഉണ്ടാകാൻ സാധ്യതയുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ജെ. ബി. ഐ. സി. സഹായത്തോടെയുള്ള കേരള ജലവിതരണ പദ്ധതിക്ക് പൈപ്പുകൾ വാങ്ങുന്നതിനുവേണ്ടിയുള്ള ടെണ്ടറുകൾ ക്ഷണിച്ചിട്ടില്ല. ഗവൺമെന്റ് വ്യവസ്ഥകൾ ഒന്നും പുറപ്പെടുവിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കിൻഫ്ര (KINFRA) യുടെ മലപ്പുറത്തെ പദ്ധതിക്ക് ഡി. ഐ. പൈപ്പ് വാങ്ങുന്നതിനുവേണ്ടി സ്വീകരിച്ച ടെണ്ടർ വ്യവസ്ഥകൾ സംബന്ധിച്ച് ഒരു താരതമ്യ പഠനം കേരള വാട്ടർ അതോറിറ്റി നടത്തിയിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly